**<u>തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ</u>**
**<u>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>**
<u>(അവതരണം : RADHAKRISHNAN P)</u>

നം. DIC/14448/2018-EB1 തീയതി : 06/07/2022

വിഷയം:- വ്യവസായം -ജീവനക്കാര്യം – അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് / ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നത് -സംബന്ധിച്ച്.

പരാമർശം:-

1. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 23/07/2021 തീയതിയിലെ DIC/14448/2018-EB1 നമ്പർ ഉത്തരവ്.
2. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 02/08/2021 തീയതിയിലെ DIC/14448/2018-EB1 നമ്പർ ഉത്തരവ്.
3. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 19/07/2021 തീയതിയിലെ DIC/1114/2021-EE3 നമ്പർ ഉത്തരവ് (2020 ലെ സീനിയോരിറ്റി ലിസ്റ്റ് )
4. 30/01/2021 തിയതിയിലെ A2/240/2020-വ്യവ നമ്പർ സർക്കാർ കത്ത്.
5. 20. 01. 2016 തീയതിയിലെ G.O(P) No.07/2016/Fin നമ്പർ സർക്കാർ ഉത്തരവ്

വ്യവസായ വാണിജ്യ വകുപ്പിൽ നിലവിലുള്ള ടൈപ്പിസ്റ്റ്മാരുടെ 2020 ലെ സീനിയോരിറ്റി ലിസ്റ്റിൽ ( സൂചന 3 ) Annexure II-ൽ ഉൾപ്പെട്ട ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്മാർക്ക് അവരവരുടെ സീനിയോരിറ്റി അനുസരിച്ച് 1:1:1:1 അനുപാതം ക്രമപ്പെടുത്തി സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്/അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിലെ ഒഴിവിലേക്ക് സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്. ഈ ഓഫീസിലെ 23/07/2021 തീയതിയിലെ DIC/14448/2018-EB1 നമ്പർ (സൂചന 1 ) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകിയഉദ്യോഗസ്ഥർ അതാതു തസ്തികകളിൽ ക്രമപ്രകാരമുള്ള നിശ്ചിത സേവനകാലം പൂർത്തീകരിച്ച തിയതി മുതൽസൂചന 4 പ്രകാരമുള്ള സർക്കാർ കത്തിലെ നിബന്ധനകൾക്ക് വിധേയമായി ചുവടെ പറയുന്ന ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്.

പരാമർശം (1) നടപടിക്രമം പ്രകാരം അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും ശ്രീ.ദികേഷ് കെ ( ക്രമ നമ്പർ 20, സീനിയോരിറ്റി നമ്പർ 01/20) എന്ന ജീവനക്കാരനാണ് അവസാനമായി സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകിയത്. 2020 ലെ സീനിയോരിറ്റി ലിസ്റ്റിൽ അനുബന്ധമായി ചേർത്തിട്ടുള്ള അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ ക്രമനമ്പർ 4 മുതൽ ക്രമനമ്പർ 19 ഉൾപ്പെട്ട ജീവനക്കാർ, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ത്യജിച്ചിട്ടുള്ളതിനാൽ നിലവിൽ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് ആയ സൂചന 3 സീനിയോരിറ്റി ലിസ്റ്റിലെ Annexure II-ൽ ഉൾപ്പെട്ട ശ്രീമതി ഷാനിമോൾ.വി.എ (ക്രമ നമ്പർ 1, സീനിയോരിറ്റി നമ്പർ 01/18) , ശ്രീ. സുധീഷ് പി.എം. (ക്രമ നമ്പർ 2, സീനിയോരിറ്റി നമ്പർ 02/18) എന്നിവർക്ക് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയത്തിനു അർഹതയുണ്ട്

പരാമർശം 3 ലെ Annexure II-ൽ ഉൾപ്പെട്ട ശ്രീമതി. അനിലമോൾ എൻ. ആർ (ക്രമ നമ്പർ 3 , സീനിയോറിറ്റി നമ്പർ 03/18) ശ്രീമതി.ഷഹർദാൻ.ഒ. കെ (ക്രമ നമ്പർ 4 , സീനിയോറിറ്റി നമ്പർ 04/18) എന്നിവർക്ക് ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതായി കാണുന്നു. ആയതിനാൽ ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ഉത്തരവ്</u>**

മേൽ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാർക്ക് അവരുടെ സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ ഓരോരുത്തരുടെയും പേരിനു നേരെ ചേർത്തിരിക്കുന്ന പ്രകാരം അതാതു ഗ്രേഡിലേക്ക് സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോരിറ്റി നമ്പർ | പേര് തസ്തിക നിലവിലെ ഓഫീസ് | സ്ഥാനക്കയറ്റം നൽകുന്ന തസ്തിക | പ്രാബല്യ തീയതി | സ്ഥാനക്കയറ്റം നൽകുന്ന തസ്തികയിലെ ശമ്പള സ്കെയിൽ | ശമ്പള നിർണ്ണയം ബാധകമായ കേരള സർവിസ് ചട്ടം |
|---|---|---|---|---|---|---|
| 1 | 01/18 | ശ്രീമതി.ഷാനിമോൾ.വി.എ<br>അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ്<br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്. | 14/01/2022 | 37400-79000 | റൂൾ 28 എ<br>കെ.എസ്.ആർ |
| 2 | 02/18 | ശ്രീ. സുധീഷ് പി.എം.<br>അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ്,<br>ജില്ലാ വ്യവസായ കേന്ദ്രം,<br>മലപ്പുറം. | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 01/06/2022 | 37400-79000 | റൂൾ 28 എ<br>കെ.എസ്.ആർ |
| 3 | 03/18 | ശ്രീമതി.അനില മോൾ എൻ. ആർ<br>ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (HG)<br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം | അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ്. | 14/01/2022 | 35600-75400 | റൂൾ 30<br>കെ.എസ്.ആർ |
| 4. | 04/18 | ശ്രീമതി. ഷഹർദാൻ.ഒ. കെ<br>ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, കൈത്തറി & വസ്ത്ര ഡയറക്ടറേറ്റ് ,<br>തിരുവനന്തപുരം<br>(On Deputation to the office of the Minister for Port, Museum, Archeology and Archives ) | അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ്. | 01/06/2022 | 35600-75400 | റൂൾ 28 എ<br>കെ.എസ്.ആർ |

സ്ഥാനക്കയറ്റം സ്വീകരിക്കുന്ന ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യ തീയതി മുതൽ കേരള സർവിസ് ചട്ടം അനുശാസിക്കുന്ന പ്രകാരമുള്ള ശമ്പള നിർണയം (ഓപ്ഷൻ കൂടാതെ) നിയന്ത്രണാധികാരികൾ നിർണയിച്ച നൽകേണ്ടതാണ്.

RADHAKRISHNAN P
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ് ബന്ധപ്പെട്ട ജീവനക്കാർ, (നിയന്ത്രണാധികാരികൾ മുഖേന)

പകർപ്പ് :
1. ഡയറക്ടർ, കൈത്തറി & വസ്ത്ര ഡയറക്ടറേറ്റ് ,തിരുവനന്തപുരം
2. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം.
3. ജൂനിയർ സൂപ്രണ്ട്, ഇസി / ഇഇ / IT / Accounts വിഭാഗം.
4. അധിക പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്